# കുട്ടികള്ക്കായുള്ള ബൈബിൾ

അവതരണം

## യേശുവും സക്കായിയും




എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗികരിച്ചത് : Ruth Klassen
Alastair Paterson
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.






ഒരു ദിവസം യേശു യെരീഹോവിലൂടെ കടന്നുപോയി. യോശുവ ഈ പട്ടണം വളരെക്കാലം മുമ്പ് നശിപ്പിച്ചതായിരുന്നു. ഇപ്പോഴത് വീും പണിത് അനേകമാളുകൾ അതിൽ താമസിക്കുന്നു്. അതിലൊരുവന്റെ പേരാണ് സക്കായി.


യെരീഹോവിലുള്ളവർക്ക് മിക്കവൊറും സക്കായിയെ ഇഷ്ടമായിരുന്നില്ല, എന്തുകൊന്നൊൽ അവൻ അവരിൽനിന്ന് നികുതി (ചുങ്കം) പിരിച്ചിരുന്നു. പിരിച്ചെടുക്കുന്നതിൽ കുറെ പണം സക്കായി സർക്കാരിന് അയച്ചുകൊടുക്കും അതിലേറെ തനിക്കുവേി സൂക്ഷിച്ചുവെക്കും.
3


ചുങ്കക്കാരനായിരുന്ന സക്കായി മഹാധനികനായിരുന്നു. അവിടത്തെ ബ്ലോക്കിലെ ഏറ്റവും വലിയതും നല്ലതുമായ വീട് അയാളുടേതായിരുന്നിരിക്കണം.
4


എന്നാൽ അയാൾക്ക് ഉയരം കുറവായിരുന്നു. പണം കുറവായിരുന്നില്ല പക്ഷേ, ഉയരം കുറവായിരുന്നു. മറ്റുള്ളവരെപ്പോലെ സക്കായിക്ക് നീളം വെച്ചില്ല.
5


യേശു യെരീഹോവിലുന്ന് സക്കായി കേട്ടു. ദൈവത്തിന്റെ പുത്രനെന്ന് അവകാശപ്പെട്ട ഈ നസ്രേത്തുകാരനെ കാണുവാൻ കുറിയവനായ ഈ ചുങ്കക്കാരൻ ആഗ്രഹിച്ചു. പക്ഷേ, വലിയ ജനത്തിരക്കായിരുന്നു... ആളുകൾക്കെല്ലാം വലിയ ഉയരവും.
6


സക്കായിക്ക് ഒരു ആശയം ഉദിച്ചു! ജനക്കൂട്ടത്തിന് മുമ്പോട്ട് ഓടുക... റോഡരികിലുള്ള ഒരു മരത്തിന്മേൽ കയറുക... അവന് യേശുവിനെ കാണാൻ കഴിയും.
7


സക്കായി ഒരു കാട്ടത്തിമേൽ കയറി. അതിന്റെ ശിഖരങ്ങളുടെ ഒരു കവരത്തിന്മേൽ ഇരുപ്പുറപ്പിച്ചിട്ട് യേശു വരുന്നത് നോക്കി.
“ഇവിടിരുന്നാൽ നന്നായി കാണാം,” അവൻ ചിന്തിച്ചുകാണും.
“അവനെന്നെ കാണാതെ എനിക്കവനെ കാണാം.”
8



“സക്കായിയേ, വേഗം
ഇറങ്ങിവാ.” കുറിയവനായ
ഈ ചുങ്കക്കാരന്
തന്റെ കാതുകളെ
വിശ്വസിക്കാനായില്ല.
യേശു മരത്തിന്റെ
ചുവട്ടിൽ നിന്നു.
യേശു അവനെ
നോക്കി. യേശു
അവനെ വിളിച്ചു!

9



യേശു തന്നെ
വിളിക്കുന്നതു കേട്ട്
സക്കായി അത്ഭുതപ്പെട്ടെങ്കിൽ,
“ഇന്നു ഞാൻ നിന്റെ വീട്ടിൽ
പാർക്കേതാകുന്നു”
എന്ന് യേശു പറഞ്ഞപ്പോൾ
അവൻ വിസ്മയിച്ചുപോയി.
വളരെപ്പെട്ടെന്ന് അവൻ
ചാടിയിറങ്ങിയപ്പോൾ
വീഴാൻ തുടങ്ങി.

10

യേശു തന്റെ വീട്ടിൽ വരുമെന്ന് കേട്ട സക്കായി
അത്യുത്സാഹത്തിലായി. എന്നാൽ ജനങ്ങൾക്ക്
അത് ഇഷ്ടപ്പെട്ടില്ല. സക്കായിപ്പോലുള്ള ഒരു
പാപിയെ യേശു സന്ദർശിക്കരുതെന്ന് അവർ
പരാതി പറഞ്ഞു.



11



യേശു സക്കായിക്ക്
സമൂലമായ ഒരു
പുതിയ ജീവൻ
കൊടുത്തു. സക്കായി
പറഞ്ഞു, “കർത്താവേ,
എന്റെ വസ്തുവകയിൽ
പാതി ഞാൻ ദരിദ്രർക്ക്
കൊടുക്കുന്നു;
ആരെയെങ്കിലും
ചതിച്ചിട്ടുങ്കെിൽ
നാലുമടങ്ങ്
മടക്കിക്കൊടുക്കാം.”

12

സക്കായിയുടെ ഈ പുതിയ
ജീവിതത്തിൽ യേശു
സന്തുഷ്ടനായി. ജനങ്ങൾ
പാപം വിട്ടുമാറി ശരിയായത്
ചെയ്യുന്നത് യേശു
ഇഷ്ടപ്പെടുന്നു.
“കാണാതെ
പോയതിനെ
തിരഞ്ഞ്
രക്ഷിപ്പാനല്ലോ
മനുഷ്യപുത്രൻ
വന്നത്.” ആ ദിവസം
യെരീഹോവിൽവെച്ച് യേശു
സക്കായിയെ കത്തെി.



13

യേശുവും സക്കായിയും

ദൈവവചനത്തില് നിന്നും ഒരു കഥ.

ബൈബിളില് നിന്നുംഎടുത്തത്.

ലൂക്കൊസ് 19

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

14

# അവസാനം



53 60



അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16